**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2339** **14-10-2024 - ൽ മറുപടിയ്ക്ക്**

**ഈരാറ്റുപേട്ട മുനിസിപ്പാലിറ്റിയിൽ നടപ്പാക്കുന്ന അമൃത് കുടിവെള്ള പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) | |
| (എ) | പൂഞ്ഞാർ മണ്ഡലത്തിലെ ഈരാറ്റുപേട്ട മുനിസിപ്പാലിറ്റിയിൽ നടപ്പാക്കുന്ന അമൃത് കുടിവെള്ള പദ്ധതിയുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (എ) | ഈരാറ്റുപേട്ട നഗരസഭയിൽ നടപ്പിലാക്കുന്ന അമൃത് കുടിവെള്ള പദ്ധതിയുടെ സർവ്വേ പ്രവൃത്തികൾക്കും സോയിൽ ഇൻവെസ്റ്റിഗേഷനും വേണ്ടി 26.09.2023-ൽ 19.183 ലക്ഷം രൂപയുടെ ഭരണാനുമതിനൽകിയിരുന്നു. സർവ്വേ പൂർത്തിയാക്കി. 20 കോടി രൂപ അടങ്കൽ വരുന്ന പദ്ധതിക്ക് അമൃത് 2.0-യിൽ ഉൾപ്പെടുത്തി അംഗീകാരം ലഭിച്ചിട്ടുണ്ട്. അമൃത് 2.0 സംസ്ഥാനതല ഉന്നതാധികാര സമിതി അംഗീകാരം നൽകിയിട്ടുള്ള പ്രസ്തുത പദ്ധതിക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു<br><br>ടി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രവൃത്തികൾ:<br><br>1. തേവരുപാറ ജംഗ്ഷനിൽ നിന്നും തേവരുപാറ ടാങ്കിലേയ്ക്ക് 200 മീറ്റർ ദൂരത്തിൽ 300mm DI പൈപ്പ് സ്ഥാപിക്കുന്ന പ്രവൃത്തി<br><br>2. നിലവിലെ പഴയ ടാങ്ക് പൊളിച്ചു മാറ്റൽ<br><br>3. 10 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ഉന്നതതല ജലസംഭരണി<br><br>4. 30 കിലോമീറ്റർ ദൂരത്തിൽ ശൃംഖല<br><br>5. 3000 കുടിവെള്ള കണക്ഷനുകൾ<br><br>പദ്ധതിക്ക് സാങ്കേതികാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ